# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *208 - 8/03/2017 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ

**ചോദ്യം**

**ഉത്തരം**

ശ്രീമതി. വീണാ ജോർജ്ജ്
പ്രൊഫ. കെ.യു. അരുണൻ
ശ്രീ. ഒ. ആർ. കേളു
ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ. | നേഴ്സിംഗ് പരിശീലനത്തിനുൾപ്പെടെ വിദ്യാഭ്യാസ വായ്പ എടുത്ത നിരവധിപ്പേർ കടക്കെണിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | പഠനം കഴിഞ്ഞിറങ്ങുന്നവർക്ക് തൊഴിൽ ലഭിക്കുന്നതുവരെ വായ്പ തിരിച്ചടവിന് കാലാവധി അനുവദിക്കാൻ ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ സാധ്യമാണോ? | 2017-18ലെ ബജറ്റ് പ്രസംഗത്തിൽ, വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം നിഷ്ക്രിയ ആസ്തിയായി (NPA) മാറിയ വായ്പാതുകയുടെ 60 ശതമാനം നൽകികൊണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്നതിന് സർക്കാർ സഹായിക്കുന്നതാണ്. ഇതുപോലെ തന്നെ മറ്റു വിദ്യാഭ്യാസ വായ്പാ തിരിച്ചടവുകാർ കൃത്യമായി മുതലും പലിശയും തിരിച്ച് അടയ്ക്കുകയാണെങ്കിൽ പലിശയുടെ ഒരു ഭാഗം സർക്കാർ വഹിക്കുന്നതാണ്.<br>കൂടാതെ, പഠനം കഴിഞ്ഞിറങ്ങുന്നവർക്ക് തൊഴിൽ ലഭിക്കുന്നതുവരെ വായ്പ തിരിച്ചടവിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട് എന്ന് കാട്ടി സർക്കാരിൽ ലഭിക്കുന്ന നിവേദനങ്ങളിൽ, നിവേദനം അനുഭാവപൂർവ്വം പരിഗണിച്ച് വായ്പയിൻമേലുള്ള പലിശയും പിഴപ്പലിശയും |

| | | |
|---|---|---|
| | | പരമാവധി കുറവ് ചെയ്ത് കേസ്/ റിക്കവറി നടപടികൾ നിർത്തിവച്ച് വായ്പ തിരിച്ചടയ്ക്കുവാൻ സാവകാശം നൽകണമെന്ന് സംസ്ഥാനതല ബാങ്കിംഗ് സമിതിയ്ക്കും ബന്ധപ്പെട്ട ബാങ്കുകൾക്കും നിർദ്ദേശം നൽകാറുണ്ട്. |

Sreekumar AC

**സെക്ഷൻ ഓഫീസർ**